ധർണയിൽ ഉപയോഗിച്ച മൈക്ക് തകർത്തു. മെഡിക്കൽ കോളേജ് സി.ഐ. ശ്രീനിവാസനേയും കസ്ബാ സി.ഐ. പ്രകാശിനേയും മുപ്പതോളം പേർ പൊക്കിയെടുത്ത് റോഡിൽ കൊണ്ടുപോയി തല്ലി. സിറ്റി നോർത്ത് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ജോർജ്ജിനെ ആക്രമിച്ച് പരിക്കേൽപ്പിച്ചു. മെഡിക്കൽ കോളേജ് എസ്.ഐ. സജീവനു നേരെ കത്തി വീശി. ഇളനീർ വിൽപ്പനക്കാരന്റെ കയ്യിൽനിന്നും പിടിച്ചു വാങ്ങിയ വെട്ടുകത്തിയുമായി മറ്റൊരു അക്രമി പോലീസിനു നേരെ പാഞ്ഞു. പലരുടേയും കയ്യിൽ കത്തിയുണ്ടായിരുന്നു. ഈ അക്രമം മുഴുവൻ സഹിച്ച് സംയമനം പാലിക്കുകയാണ് പോലീസ് ചെയ്തത്. നിരവധി സർക്കാർ വാഹനങ്ങൾ അക്രമികൾ തകർത്തു. സിവിൽ സ്റ്റേഷൻ ഭാഗത്തേക്ക് പോവുകയായിരുന്ന ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ കാർ തടഞ്ഞു നിർത്തി ആക്രമിച്ചു. കാർ ഡ്രൈവർ പൃഥ്വിരാജിനും ജനറൽ മാനേജർ അരുണിനും പരിക്കേറ്റു. കേരള വാട്ടർ അതോറിറ്റിയുടെ ജീപ്പും തകർത്തു. സംഭവത്തിൽ പരിക്കേറ്റ പോലീസ് ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെ 33 പേർ ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. ആത്മഹത്യ കൊലപാതകമായി ചിത്രീകരിച്ച് നാട്ടിലാകെ അരാജകത്വം സൃഷ്ടിക്കാൻ ശ്രമിക്കുന്ന ആർ.എസ്.എസ്.-ബി.ജെ.പി. സംഘത്തെ നിലക്ക് നിർത്താൻ ഗവണ്മെന്റ് ശക്തമായ നടപടി സ്വീകരിക്കണം. ബേപ്പൂരും പരിസര പ്രദേശങ്ങളിലും ഏകപക്ഷീയമായ അക്രമങ്ങൾ അഴിച്ചുവിട്ട് ജനങ്ങളുടെ സമാധാന ജീവിതം തകർക്കുന്ന അക്രമികൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ഭാരതീയ യുവമോർച്ച കോഴിക്കോട് ജില്ലാ കമ്മിറ്റി മാർച്ച് 6-ന് രാവിലെ കളക്ടറേറ്റിലേക്ക് മാർച്ച് നടത്തി. കളക്ടറേറ്റിനു മുൻ വശത്തുവച്ച് മാർച്ചിനെ പോലീസ് തടഞ്ഞു. പോലീസിനെ മാരകായുധങ്ങളും കല്ലും മറ്റും ഉപയോഗിച്ച് പ്രകടനക്കാർ ആക്രമിച്ചു. അക്രമികളെ പോലീസ് ലാത്തി വീശി വിരട്ടിയോടിച്ചു. കല്ലെറിഞ്ഞ് 8 സർക്കാർ വാഹനങ്ങൾ തകർക്കുകയും അക്രമത്തിൽ നിരവധി പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. കല്ലേറിലും മറ്റും പരിക്കു പറ്റിയ മുപ്പതോളം പോലീസ് ഉദ്യോഗസ്ഥർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. യുവ മോർച്ചാ പ്രവർത്തകർ അന്നേ ദിവസം നടത്തിയ അക്രമസംഭവവുമായി ബന്ധപ്പെട്ട് 9 കേസുകൾ നടക്കാവ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുകയും 10 യുവമോർച്ച പ്രവർത്തകരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. നടപടികൾ തുടരുന്നു.

(7) പാലായിലെ അഭിഭാഷകൻ ശ്രീ. ടി.ജെ. ജോണിന്റെ തിരോധാനം

ശ്രീ. കെ.എം. മാണി : പാലാ ബാറിലെ പ്രമുഖ അഭിഭാഷകനും അന്തരിച്ച ഗവർണ്ണർ ശ്രീ. കെ.എം. ചാണ്ടിയുടെ സൺ-ഇൻ-ലാ യുമായ ശ്രീ.ടി.ജെ. ജോൺ, 28.2.2000-ത്തിനുശേഷം അപ്രത്യക്ഷനായിരിക്കുന്ന സംഭവം വളരെ ഉത്കണ്ഠാജനകമാണ്. ഫെബ്രുവരി 28-ാം തീയതി തിങ്കളാഴ്ച വെളുപ്പിന് കുമിളി ദിണ്ടുഗൽ ഭാഗത്തേയ്ക്ക് പോവുകയാണെന്നു പറഞ്ഞാണ് ശ്രീ. ടി. ജെ. ജോൺ വീട്ടിൽനിന്നും പോയത്. 29-ാം തീയതി ചൊവ്വാഴ്ച അദ്ദേഹത്തിന്റെ വക്കീൽ ക്ളർക്കിനെ അദ്ദേഹം വിളിച്ചതായും അറിയുന്നുണ്ട്. അതിനുശേഷം അദ്ദേഹത്തെപ്പറ്റി ഒരു വിവരവും ഇതുവരെ ലഭിച്ചിട്ടില്ല. കുമിളിയിലെ ഒരു പൊതു പ്രവർത്തകനായ ഹമീദിനെ മാർച്ച് 5-ാം തീയതി ജോൺ ഫോണിൽ വിളിച്ചതായും കുറച്ചകലെ നിന്നാണ് വിളിക്കുന്നതെന്നും കുറെ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാലേ പാലായിൽ എത്തുകയുള്ളുവെന്ന് അറിയിച്ചിരുന്നതായും ഹമീദ് പറഞ്ഞതായും ജോണിന്റെ വീട്ടുകാർ പറയുന്നു. പക്ഷേ ജോണിന്റെ വീട്ടുകാർക്ക് യാതൊരു അറിവുമില്ല. ജോൺ വീട്ടുകാരുമായി ബന്ധപ്പെടുകയും ചെയ്തിട്ടില്ല. ജോണിന് എന്തോ സംഭവിച്ചിരിക്കാം എന്നാണ് കരുതപ്പെടുന്നത്. ഈ സാഹചര്യത്തിൽ മാർച്ച് 6-ാം തീയതി ജോണിന്റെ ഭാര്യ ശ്രീമതി സാലി പാലാ ഡി.വൈ.എസ്.പി. മുൻപാകെ പരാതി നൽകിയിട്ടുണ്ട്. പാലാ പോലീസ് സ്റ്റേഷനിൽ മാൻ മിസ്സിംഗ് ഒരു കേസ് ചാർജ് ചെയ്തിട്ടുണ്ട്. ജോണിന്റെ അവസ്ഥയെപ്പറ്റിയുള്ള യഥാർത്ഥ വിവരം ലഭ്യമാക്കുന്നതിനും അദ്ദേഹത്തെ കണ്ടെത്തുന്നതിനും അദ്ദേഹത്തിനും എന്തെങ്കിലും അത്യാഹിതം സംഭവിച്ചിട്ടുണ്ടോയെന്ന് അറിയുന്നതിനുംവേണ്ടി ഉന്നത തലത്തിൽ സമഗ്രമായ ഒരു അന്വേഷണത്തിന് ഗവണ്മെന്റ് ഉത്തരവിടണം. കഴിയുമെങ്കിൽ ഒരു സ്പെഷ്യൽ അന്വേഷണസംഘത്തെ നിയോഗിക്കുകയും വേണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, പാലായിലെ അഭിഭാഷകനായ ശ്രീമാൻ ടി.ജെ. ജോണിനെ 28.2.2000 മുതൽ കാണാതായിയെന്ന് അദ്ദേഹത്തിന്റെ സഹധർമ്മിണി 6.3.2000-ത്തിന് പാലാ പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ പാല പോലീസ് സ്റ്റേഷനിൽ ക്രൈം 77/2000-നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുകയാണ്. പാല സി.ഐ. ജേക്കബിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് തമിഴ്നാട്ടിൽ ദിണ്ടുഗലിലും മറ്റും ഊർജിതമായ അന്വേഷണം നടത്തി വരുന്നുണ്ട്. അന്വേഷണം ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) കായംകുളം മണ്ഡലത്തിലെ മരാമത്ത് പണികൾ

ശ്രീ. ജി. സുധാകരൻ : സർ, കായംകുളം മണ്ഡലത്തിലെ വനിതാ പോളിടെക്നിക്കിന്റെ നിർമ്മാണം ഈ ബഡ്ജറ്റ് വർഷവും ആരംഭിക്കാൻ കഴിയുകയില്ല എന്ന നില ഉണ്ടായിരിക്കുന്നു. ബഡ്ജറ്റിലുള്ള ഒരു കോടിയോളം രൂപ ഉപയോഗിക്കാൻ കഴിയാതെ വരുന്നു..ഈ സർക്കാരിന്റെ കാലത്ത് ഇത് പൂർത്തിയാക്കണമെന്നായിരുന്നു ആഗ്രഹം. ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കണമെന്ന് 1996 മുതൽ നിയമസഭാ സബ്ജക്ട് കമ്മിറ്റി തുടർച്ചയായി ആവശ്യപ്പെട്ടിട്ടുണ്ട്. പ്രമുഖരായ പല ഉദ്യോഗസ്ഥൻമാരുടെയും താൽപ്പര്യക്കുറവു മൂലമാണ് നിർമ്മാണം അടുത്ത സാമ്പത്തിക വർഷത്തിലേക്ക് നീണ്ടുപോയിരിക്കുന്നത്. ഇതിന്റെ ഫയലുകൾ യഥാർത്ഥത്തിൽ വച്ച് താമസിപ്പിച്ചത് ഏതൊക്കെ ഉദ്യോഗസ്ഥന്മാരാണെന്ന് വസ്തുനിഷ്ഠമായ ഒരു അന്വേഷണം നടത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. 14 വർഷമായി ഒരു എൽ.പി. സ്കൂളിൽ പ്രവർത്തിക്കുന്ന കായംകുളം വനിതാ പോളിടെക്നിക്കിന് ശാപമോക്ഷം നൽകാൻ താങ്കളും, ധനകാര്യ മന്ത്രിയും, മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ക്യാബിനറ്റും സ്ഥലം എം.എൽ.എ. ആയ എന്നെയും, കായംകുളം നിവാസികളെയും സഹായിച്ചതിന് നിങ്ങളോട് ഞങ്ങൾ കടപ്പെട്ടിരിക്കുകയാണ്. ബഡ്ജറ്റ് തുക പാഴാകാതിരിക്കാൻ നിലവിലുള്ള തുക ചെലവഴിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ടെൻഡർ ഉറപ്പിക്കാൻ കാലതാമസം ഉണ്ടായാലും, ബഡ്ജറ്റിലുള്ള തുക നഷ്ടപ്പെടാതെ നോക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഡിസംബർ ആയിട്ടും ബഡ്ജറ്റ് വർക്കുകൾ ടെൻഡർ ചെയ്ത് കരാറുകൾ ഉറപ്പിക്കാത്തതിനാൽ ഞാൻ നിരന്തരം സർക്കാരിന് ഓർമ്മക്കുറിപ്പുകൾ നൽകിക്കൊണ്ടിരുന്നു. ഇപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly